**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 904

30.11.2018 ന് മറുപടിയ്ക്ക്.

**നിലമ്പൂർ കാട്ടിൽ നിന്നുള്ള വന്യമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.വി.അൻവർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നിലമ്പൂർ കാട്ടിൽ നിന്ന് ആനയും മറ്റ് വന്യമൃഗങ്ങളും നാട്ടിലേക്കിറങ്ങി ജനങ്ങളെയും കൃഷിയെയും ആക്രമിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;<br><br>(സി) വന്യമൃഗ/കാട്ടാന ശല്യത്തിൽ നിന്ന് രക്ഷ ലഭിക്കുന്നതിനായി സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ? | (ബി) & (സി) വന്യമൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി, പ്രശ്നബാധിത പ്രദേശങ്ങളിൽ സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ ട്രഞ്ച്, ആനപ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടിൽ നിന്നും ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് പ്രവൃത്തി ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങുന്ന ആനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുന്നതിനായി തദ്ദേശവാസികളെ വാച്ചർമാരായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br>ആനകളുടെ സഞ്ചാരം സുഗമമാക്കുന്നതിനായി ആനത്താരകൾ ഏറ്റെടുക്കുന്നതിനും ആനകൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ